# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നമ്പർ : 2344/11/12/2024/ TVM**

പരാതികക്ഷി : ലതാകുമാരി.ഐ, ആരതി
കീഴെ ഉളിയനാട്,എൻ.സി.സി.റോഡ്
പേരൂർക്കട,തിരുവനന്തപുരം

എതിർകക്ഷികൾ 1) സരസ്വതി അമ്മ, സരസ്വതിഭവൻ
ഉളിയനാട്,എൻ.സി.സി.റോഡ്
പേരൂർക്കട,തിരുവനന്തപുരം

2) തിരുവനന്തപുരം നഗരസഭ
കുടപ്പനക്കുന്ന് സോണൽ ഓഫീസ്

**ഉത്തരവ് തീയതി 30.09.2024**

ഒന്നാം എതിർകക്ഷി അയൽവാസിയാണെന്നും, 07/04/2024 തീയതി പരാതികക്ഷിയോട് പറയാതെ എതിർകക്ഷി മതിലിനോട് ചേർത്ത് കമ്പി തൂണുകൾ നാട്ടി വടക്കുഭാഗം മുതൽ തെക്കറ്റം വരെയുള്ള ഭാഗം മെറ്റൽ ഷീറ്റുകൊണ്ട് കെട്ടിപൊക്കി ടിയാളുടെ വീട്ടിലേയ്ക്കുള്ള വെളിച്ചവും വായു സഞ്ചാരവും പൂർണ്ണമായി തടഞ്ഞിരിക്കുന്നതായും, ഇതു സംബന്ധിച്ച് പേരൂർക്കട പോലീസ് സ്റ്റേഷനിലും തിരുവനന്തപുരം നഗരസഭ ഓഫീസിലും പരാതി നൽകിയിട്ട് നടപടി ഒന്നും സ്വീകരിച്ചിട്ടില്ലായെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി സംഗതിയിൽ തിരുവനന്തപുരം നഗരസഭ സെക്രട്ടറി 11.08.2024 തീയതി ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതിയുടെ അടിസ്ഥാനത്തിൽ നഗരസഭ എഞ്ചിനീയറിംഗ് വിഭാഗം സ്ഥലം പരിശോധിച്ചു നൽകിയ റിപ്പോർട്ടിൽ 14 മീറ്റർനീളത്തിലും 1.15 മീറ്റർ ഉയരത്തിലും ആണ് ഷീറ്റ് സ്ഥാപിച്ചിരിക്കുന്നതെന്നും, ഈ നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് എതിർകക്ഷിക്ക് നോട്ടീസ് നൽകി നടപടി സ്വീകരിച്ചു വരുന്നതായി റിപ്പോർട്ടിൽ കാണുന്നു.

പരാതി വിചാരണക്കെടുത്ത 30.09.2024 തീയതി പരാതികക്ഷി ഹാജരായി. നാളിതുവരെ പരാതിക്ക് പരിഹാരം ആയിട്ടില്ലായെന്ന് ടിയാൾ പറയുകയുണ്ടായി.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. പരാതിയിലെ ആരോപണം ശരിയാണെന്ന് നഗരസഭ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിലും അംഗീകരിക്കുന്നുണ്ട്. എതിർകക്ഷി നടത്തിയ അനധികൃത നിർമ്മാണം പൊളിച്ചു

മാറ്റുന്നതിന് ടിയാൾക്ക് നോട്ടീസ് കൊടുത്തിട്ടും എതിർകക്ഷി ആയത് പാലിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഇരുകക്ഷികൾക്കും നോട്ടീസ് കൊടുത്ത ശേഷം അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് മിനിമം സാവകാശം നൽകേണ്ടതും ആയത് പാലിക്കപ്പെട്ടിട്ടില്ലായെങ്കിൽ കേരള മുൻസിപ്പാലിറ്റി ആക്ട് ആൻറ് റൂൾസ് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് തിരുവനന്തപുരം നഗരസഭ സെക്രട്ടിയോട് നിർദ്ദേശിച്ചുകൊണ്ട് തീർപ്പാക്കുന്നു

ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കി ഒരു ആക്ഷൺ ടേക്കൺ റിപ്പോർട്ട് 2 മാസത്തിനുള്ളിൽ കമ്മീഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ഉത്തരവിൻെറ പകർപ്പ് തിരുവനന്തപുരം നഗരസഭ സെക്രട്ടറി, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ